# ലാൻഡ് റവന്യു ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ: എൻ.പത്മകുമാർ, IAS)

എൽ.ആർ.(എൻ)2-41489/10 തീയതി: 01.04.2017

വിഷയം :- ജീവനക്കാര്യം - ഡ്രൈവർ തസ്തികയിലെ റേഷ്യോ സ്ഥാനക്കയറ്റം- ഡ്രൈവർ ഗ്രേഡ്-I തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം - കൊല്ലം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് - ശ്രീ.ഓമനക്കുട്ടൻ.എൽ, ഡ്രൈവർ ഗ്രേഡ് - സ്ഥാനക്കയറ്റം അനുവദിക്കുന്നത് - എൽ.ആർ (എൻ)2-41489/10 തീയതി 30.01.17 നടപടിക്രമം -ഭേദഗതി ചെയ്ത് ഉത്തരവാകുന്നത് - സംബന്ധിച്ച് -

പരാമർശം:-
1. ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ എൽ.ആർ.(എൻ)2-41489/10 തീയതി 30.01.17 നമ്പർ നടപടിക്രമം.
2. കൊല്ലം ജില്ലാ കളക്ടറുടെ 24.12.16-ലെ ഇ1-76209/16 നമ്പർ റിപ്പോർട്ട്.
3. കൊല്ലം ജില്ലാ കളക്ടറുടെ 15.02.17-ലെ ഇ1-1800/17 നമ്പർ റിപ്പോർട്ട്.

. . . . .

വിവിധ ഡ്രൈവർ തസ്തികയിലേക്ക് റേഷ്യോ സ്ഥാനക്കയറ്റം നൽകുന്നതിന് സൂചന (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.ഓമനക്കുട്ടൻ.എൽ, ഡ്രൈവർ ഗ്രേഡ് - II എന്നയാളുടെ വിവരം പ്രൊഫോർമയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതായും, ടിയാന് അർഹമായ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സൂചന (3) പ്രകാരം കൊല്ലം ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ളതാണ്. ടി വിഷയം പരിശോധിച്ചതിൽ ശ്രീ.ഓമനക്കുട്ടൻ.എൽ എന്നയാൾ സൂചന (1) റേഷ്യോ സ്ഥാനക്കയറ്റലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹനാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവ് പ്രകാരം ഡ്രൈവർ ഗ്രേഡ് – I തസ്തികയിലേക്ക് ക്രമനമ്പർ 18 ആയി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള കോട്ടയം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിലെ ഡ്രൈവർ ശ്രീ.സെബാസ്റ്റ്യൻ കുര്യൻ (സീനിയോറിറ്റി നം. 49) എന്നയാളുടെ സ്ഥാനക്കയറ്റം റദ്ദ് ചെയ്തും, ശ്രീ.ഓമനക്കുട്ടൻ.എൽ (സീനിയോറിറ്റി നം. 31) എന്നയാൾക്ക് അർഹമായ സ്ഥാനക്കയറ്റം നൽകിയും സൂചന (1) ഉത്തരവ് ചുവടെ ചേർക്കുംവിധം പരിഷ്ക്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ഭേദഗതി ഉത്തരവ് ഡ്രൈവർ ഗ്രേഡ് -I

തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് മാത്രം ബാധകമായിരിക്കുന്നതാണ്. ടി ഭേദഗതിയോടെ സൂചന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

| ക്രമ നം. | പേര് | സീനിയോറിറ്റി നമ്പർ (1.9.2010 മുതൽ 30.06.2013-വരെ യുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം.) | ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യ തീയതി |
|---|---|---|---|---|
| 1. | എ.വി.ശ്രീനി | 30 | കൊല്ലം | 01.01.2016 |
| 2. | ഓമനക്കുട്ടൻ.എൽ | 31 | കൊല്ലം | 01.02.2016 |
| 3. | ഇഗ്നേഷ്യസ്.സി പാതാണിവട്ടത്ത് | 32 | എറണാകുളം | 01.04.2016 |
| 4. | മനോജ്.എ.വി | 33 | എറണാകുളം | 01.04.2016 |
| 5. | റെനി.എം.ആർ | 35 | എറണാകുളം | 01.06.2016 |
| 6. | രാജേഷ്.പി.ആർ | 36 | കോട്ടയം | 01.07.2016 |
| 7. | സുരേഷ്ബാബു.എസ് | 37 | ആലപ്പുഴ | 01.07.2016 |
| 8. | അനിൽകുമാർ.കെ.വി | 38 | കോഴിക്കോട് | 01.07.2016 |
| 9. | പ്രകാശൻ.പി.പി | 39 | കോഴിക്കോട് | 01.01.2017 |
| 10. | വിനോദ്.വി.കെ | 40 | കോഴിക്കോട് | 30.01.2017 |
| 11. | ജയൻ.ബി | 41 | പത്തനംതിട്ട | " |
| 12. | മധു.പി.എസ് | 42 | ഇടുക്കി | " |
| 13. | വിൽഫ്രഡ് നെറ്റോ | 43 | ഇടുക്കി | " |
| 14. | ആന്റണി.പി.എ | 44 | എറണാകുളം | " |
| 15. | പ്രദീപ്.ആർ | 45 | പാലക്കാട് | " |
| 16. | അനൂപ്.എൻ.പി | 46 | കണ്ണൂർ | " |
| 17. | ശ്രീലാൽ.പി | 47 | തിരുവനന്തപുരം | " |
| 18. | സന്തോഷ്കുമാർ.എം.എസ് | 48 | സി.എൽ.ആർ | " |

ടി പട്ടിക പ്രകാരം ഡ്രൈവർ ഗ്രേഡ്-I തസ്തികയിലെ സ്ഥാനക്കയറ്റം പുന:ക്രമീകരിക്കുമ്പോൾ ക്രമ നം. 1 മുതൽ 9 വരെയുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിലും, ക്രമ നം. 10 മുതൽ 18 വരെയുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റം സൂചന (1) തീയതിയും (30.01.2017) പ്രാബല്യത്തിലും നിലവിൽ വരുന്നതാണ്.

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ സൂചന (1) ഉത്തരവിന്റെയും ടി ഭേദഗതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ റേഷ്യോ സ്ഥാനക്കയറ്റം നടപ്പിൽ വരുത്തി ശമ്പളം പുനർ നിർണ്ണയിക്കേണ്ടതും ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ചേർക്കേണ്ടതുമാണ്.

(ഒപ്പ്)
**ജോയിന്റ് കമ്മീഷണർ.**

ബന്ധപ്പെട്ട വ്യക്തികൾക്ക്.
(ജില്ലാ കളക്ടർ മുഖാന്തിരം)

**പകർപ്പ്** :- 1) ജില്ലാ കളക്ടർമാർ,.
2) ലാന്റ് റവന്യൂ കമ്മീഷണർ/ജോയിന്റ് കമ്മീഷണറുടെ സി.എ.മാർക്ക്
3) സൂപ്രണ്ട്, എൽ.ആർ.(ജി) സെക്ഷൻ
4) ഐ.റ്റി. സെൽ
5) കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

16/3.4.17